# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2428** **09-12-2014 ലെ മറുപടിയ്ക്ക്**

**<u>കാരുണ്യാ പദ്ധതി</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് അവയവദാതാക്കൾക്കും കാരുണ്യ പദ്ധതി പ്രകാരം സഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (എ) | പരിഗണിച്ചിട്ടുണ്ട്. അവയവം മാറ്റി വയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്കു പുറമെ അവയവദാതാവിനുള്ള ചികിത്സയ്ക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപാ അനുവദിക്കുന്നതാണ്. വൃക്കദാതാവും വൃക്ക സ്വീകരിക്കുന്ന രോഗിയും ഒരേ റേഷൻകാർഡിൽ പേരുള്ളവരായാൽ പ്രസ്തുത കുടുംബത്തിന് അനുവദിക്കുന്ന പരമാവധി ചികിത്സാ ധനസഹായത്തുക 3 ലക്ഷം രൂപയായിരിക്കും. |
| (ബി) കാരുണ്യ പദ്ധതിയിൽ ചികിത്സാ ധനസഹായം നൽകുന്നതിന്റെ തുക ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) | ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയുടെ ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചുകഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽനിന്നും ചികിത്സാ സഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| **(സി)** മരുന്നുകളുടെ വില വർദ്ധനവിന്റെ ഫലമായി ഇപ്പോൾ കാരുണ്യ ബെനവലന്റ് സ്കീമിലെ ചെക്ക് ലിസ്റ്റിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | **(സി)** കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 05-11-2014-ൽ ബഹു. ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽക്കൂടിയ യോഗത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.